**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 657** **17-09-2025 - ൽ മറുപടിയ്ക്ക്**

**ചവറ മണ്ഡലത്തിലെ നാച്വറൽ ഫൈബർ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിൽ പ്രവർത്തിച്ചു വന്നിരുന്ന നാച്വറൽ ഫൈബർ പാർക്കിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | കയർഫെഡിന്റെ ഒരു യൂണിറ്റായി 2016 ഫെബ്രുവരി മുതൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനമാണ് നാച്വറൽ ഫൈബർ പാർക്ക്. ചവറ മാറ്റ്സ് & മാറ്റിംഗ്സ് സംഘത്തിന്റെ ഒരേക്കറോളം വരുന്ന സ്ഥലം 30 വർഷത്തേയ്ക്ക് പാട്ടത്തിന് എടുത്താണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിൽ ഓഫീസ് കെട്ടിടം, ഫാക്ടറി ബിൽഡിംഗ് എന്നിവ കയർഫെഡ് സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഒരു ഫുൾ ഓട്ടോമാറ്റിക്ക് പവർലൂം, രണ്ട് സെമി ഓട്ടോമാറ്റിക്ക് പവർലൂം മെഷീനുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ മെഷീനുകളിൽ നിന്നും ഉല്പാദനം നടത്തിവരുന്നു. പി. എസ്. സി. വഴി നിയമിച്ച 2 മെഷീൻ ഓപ്പറേറ്റർമാരും ഒരു മാനേജർ ഇൻ ചാർജ്ജ് ഉൾപ്പെടെ മൂന്ന് സ്ഥിരം ജീവനക്കാരും ദിവസവേതനത്തിൽ ഒരു ഡിസൈനറും ഇവിടെ ജോലി നോക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം (2024-25) 13650 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രവും 700 മീറ്റർ റണ്ണിംഗ് മാറ്റിംഗ്സും ഉൽപാദിപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെയും 6500 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രവും 250 മീറ്റർ റണ്ണിംഗ് മാറ്റിംഗ്സും ഉൽപാദിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ യൂണിറ്റിൽ വച്ച് നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എൻ.സി.ആർ.എം.ഐ) നേതൃത്വത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 40 വയസിന് താഴെയുള്ള 8 വനിതകൾക്ക് കയർ ഭൂവസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി വരുന്നു. ഇവർക്കായി 27 ദിവസത്തെ ഇന്റേൺഷിപ്പും ഈ സ്ഥാപനത്തിൽ വച്ച് നൽകുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥാപനം ഫലപ്രദമായി പ്രവർത്തിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പി.എസ്.സി. വഴി 2 മെഷീൻ ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. മെഷീന്റെ കേടുപാടുകൾ പരിഹരിച്ച് ഉല്പാദനം കൂട്ടുന്നതിനും യൂണിറ്റിലേക്ക് ആവശ്യമായ |

| | | | |
|---|---|---|---|
| | | | കയർ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുകയുമാണ്. |

സെക്ഷൻ ഓഫീസർ